## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 393

04/02/2014-ൽ മറുപടിക്ക്

### പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) രാജ്യത്തിന് മാതൃകയായി പൊതുവിദ്യാഭ്യാസം സംരക്ഷിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് ഈ സർക്കാർ നിരവധി കരുത്തുറ്റ കർമ്മ പദ്ധതി കളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നത്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, അദ്ധ്യാപക പരിശീലന പരിപാടികൾ മികച്ച രീതിയിൽ സംഘടിപ്പിക്കുക, സൗജന്യമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യുക, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി കുറ്റമറ്റതാക്കുക, സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8-ാം ക്ലാസ് വരെയുള്ള ദാരിദ്ര്യരേഖക്കു മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുക തുടങ്ങിയ പരിപാടികളും പദ്ധതികളും നടപ്പാക്കി വരുന്നു. സജീവമായ ക്ലാസ് മുറികളും, സംതൃപ്തരായ അദ്ധ്യാപക രക്ഷകർതൃ സമൂഹവും ഇതുമൂലം സ്കൂളുകളിലുണ്ടായിട്ടുണ്ട്. രാജ്യത്തിനാകെ മാതൃകയായ അദ്ധ്യാപക പാക്കേജ് വഴി ആയിരക്കണക്കിന് അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയതും എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് മറ്റ് ഗവൺമെന്റ് സ്കൂൾ പ്രഥമാദ്ധ്യാപകരെപ്പോലെ ശമ്പളബില്ലും മറ്റും നേരിട്ട് ട്രഷറികളിൽ നൽകി മാറുവാൻ അധികാരം നൽകിയതും കേരള വിദ്യാഭ്യാസ |

ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. മികച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

കൂടാതെ ഹയർ സെക്കന്ററി പഠന സൗകര്യത്തിന് സീറ്റുകളുടെ അപര്യാപ്തത അനുഭവപ്പെട്ട കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഗവ./എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലായി 550 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്കൂൾ അനുവദിക്കുന്ന കാര്യം ഹൈക്കോടതിയിൽ ഇതുസംബന്ധമായി നിലവിലുള്ള കേസ്സിന്റെ തീർപ്പിനു വിധേയമായി പരിഗണിക്കുന്നതാണ്.

പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കോളേജുകളില്ലാത്ത 22 നിയോജക മണ്ഡലങ്ങളിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിൽ 11 ഗവൺമെന്റ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അനുമതി ലഭിച്ച 11 കോളേജുകളിൽ കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ട 7 കോളേജുകളിൽ അദ്ധ്യയനം ആരംഭിച്ചിട്ടുണ്ട്. അതുപോലെ പല കോളേജുകളിലും പുതിയ കോഴ്സുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി എയ്ഡഡ് സ്കൂൾ, കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിൽ കാലതാമസം വരുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | വിവിധ കാരണങ്ങളാൽ നിയമനാംഗീകാരം മുടങ്ങിക്കിടന്ന 3361 അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകിയ മഹത്തും ബൃഹത്തുമായ പദ്ധതിയാണ് അദ്ധ്യാപക പാക്കേജ്. ഇതുകൂടാതെ വിവിധ കാരണങ്ങളാൽ സർവ്വീസിൽ നിന്ന് പുറത്തുപോകേണ്ടിവന്ന 1462 അദ്ധ്യാപകർക്കും ഈ പാക്കേജ് വഴി ബി.ആർ.സി. |

കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്ററായും മറ്റും നിയമന അംഗീകാരം ലഭിക്കുകയുണ്ടായി. ഇതുപോലെ തന്നെ, നിയമനാംഗീകാരം ലഭിക്കാതെ സർവ്വീസിൽ തുടർന്ന 182 അദ്ധ്യാപകേതര ജീവനക്കാർക്കും പാക്കേജ് വഴി നിയമനാംഗീകാരം നൽകി. ഇതു കൂടാതെ പഞ്ചായത്ത് സ്കൂളുകളിലെ 17 അദ്ധ്യാപകർക്കും പാക്കേജ് വഴി നിയമനാംഗീകാരം നൽകി. സർവ്വീസിൽ നിന്നും പുറത്തുപോയ അനദ്ധ്യാപകർക്ക് കൂടി നിയമനം നൽകുന്ന കാര്യം പരിഗണിച്ചു വരുന്നു. സ്കൂൾ അദ്ധ്യാപക - അനദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന്റെ കാര്യത്തിൽ ഈ സർക്കാർ കാട്ടിയ മാതൃകാപരമായ നടപടി കേരള വിദ്യാഭ്യാസ ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമാണ്.

എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാരം ഉൾപ്പെടെയുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കണ്ണൂർ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ ഹയർ സെക്കന്ററി വകുപ്പിന് പുതിയ മേഖലാ ഓഫീസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം, കണ്ണൂർ എന്നീ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ മാനേജ്മെന്റ് നിയമനം നൽകുന്ന അദ്ധ്യാപകർക്ക് യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അവരുടെ നിയമനാംഗീകാരത്തിന് സാധൂകരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ